ശ്രീ. സി. വാസുദേവമേനോൻ : കേരളത്തിലെ എല്ലാ പഞ്ചായത്തുകളും അംഗമായിട്ടുള്ള കേരള പഞ്ചായത്ത് അസോസിയേഷനിൽ എല്ലാ പാർട്ടിയിലുംപെട്ട പഞ്ചായത്ത് പ്രസിഡൻറുമാരും അംഗങ്ങളും ആണെന്നും ഈ സഭയിലെ ഒരംഗമായിരുന്ന ശ്രീമാൻ ദേവസിക്കുട്ടിയായിരുന്നു ഇതിൻെറ മുൻ പ്രസിഡൻറ് എന്നും അദ്ദേഹം പ്രസിഡൻറ് അല്ലാതായതിനു ശേഷമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ വാസുദേവ മേനോൻ പ്രസിഡൻറ് ആയതെന്നും ഉള്ള കാര്യം അറിയാമോ ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. സീതിഹാജി : വരുമാനം കുറഞ്ഞ പഞ്ചായത്തുകളുടെ കാര്യം കണക്കിലെടുക്കുമ്പോൾ 75 രൂപ അലവൻസ് എന്നുള്ളതു ചുരുക്കി 10 രൂപയാക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : പഞ്ചായത്തുകളുടെ സാമ്പത്തികശേഷി പരിഗണിച്ചിട്ടാണ് കാലാകാലങ്ങളിൽ ഇതുപോലുള്ള കാര്യങ്ങളിൽ ഗവൺമെൻറ് തീരുമാനമെടുക്കുന്നത്. നിലവിലുള്ള അലവൻസ് നിരക്ക് പരിഷ്കരിക്കാൻ ആലോചിക്കുമ്പോഴും പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി പരിഗണനാർഹമാണ്.

ബസ്ചാർജ് വർദ്ധന സംബന്ധിച്ച അന്വേഷണകമ്മീഷൻെറ റിപ്പോർട്ട്

*550 [598] ശ്രീ. മണിമംഗലത്തു കുട്ട്യാലി:
,, പി. ടി. കുഞ്ഞുട്ടി ഹാജി:
,, കെ. കൃഷ്ണൻ കുട്ടി:
,, ഇ. അഹമ്മദ്:
,, എ. പി. ഹംസ:
,, എം. ആർ. രഘുചന്ദ്ര ബാൽ:
,, ഇ. രാഘവൻ നായർ:
,, എം. പി. ഗംഗാധരൻ:
,, കെ. കെ. ബാലകൃഷ്ണൻ:
,, കെ. ശങ്കരനാരായണൻ:
,, എൻ. സുന്ദരൻ നാടാർ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബസ് ചാർജ് വർദ്ധനവിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തമായ കമ്മീഷൻെറ റിപ്പോർട്ടു ലഭിച്ചുവോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം;

(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

(എ) ലഭിച്ചിട്ടുണ്ട്.

(ബി, സി) റിപ്പോർട്ട് ഗവൺമെൻറിൻെറ പരിഗണനയിലാണ്. തീരുമാനമെടുത്തിട്ടില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സാർ, ഗവൺമെൻറിന് ലഭിച്ചു വെന്നു പറയുന്ന ഈ റിപ്പോർട്ടനുസരിച്ച് അലോക്കേഷൻ സമ്പ്രദായം കൂടുതൽ സൗകര്യമാണെന്ന് തെളിഞ്ഞിരിക്കുന്നതിനാൽ കെ. എസ്. ആർ. ടി. സി. യുടെ എല്ലാ റൂട്ടുകളിലും ഈ അലോക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: റിപ്പോർട്ടിലെ വിശദാംശങ്ങൾ ഗവൺമെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണ്. അവസാനതീരുമാനം എടുത്തിട്ടില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബസ് ചാർജ് വർദ്ധനവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു കിലോമീറ്ററിന് ഒരു നയാ പൈസയാണ് വർദ്ധിപ്പിച്ചതെന്ന് വളരെ ലാഘവബുദ്ധിയോടുകൂടി പറഞ്ഞു. ഒരു കിലോമീറ്ററിന് ഒരു നയാപൈസ വർദ്ധിപ്പിച്ചു എന്നു പറയുന്നതിനുപകരം എത്ര ശതമാനമാക്കി വർദ്ധിപ്പിച്ചു എന്നു പറയുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഒരു കിലോമീറ്ററിന് ഒരു പൈസ വർദ്ധിപ്പിച്ചു എന്നു ഞാൻ പറഞ്ഞിട്ടില്ലല്ലോ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: വെസ്റ്റ് ബംഗാൾ ഗവൺമ്മെൻറ് ചെയ്തതുപോലെ സബ്സിഡി കൊടുത്തുകൊണ്ട് ബസ് ചാർജ് വർദ്ധനവ് ഇല്ലാതാക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇപ്പോഴും ട്രാൻസ്പോർട്ട് കോർപ്പറേഷന് സബ്സിഡി കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. ഗവൺമെൻറ് അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണ[illegible]കുട്ടി: അന്വേഷണകമ്മീഷനുകളുടെ പല റിപ്പോർട്ടുകളും തള്ളിക്കളഞ്ഞ ഗവൺമെൻറ് ഈ റിപ്പോർട്ടും തള്ളിക്കളയാൻ തയ്യാറാകുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. തള്ളിക്കളയുകയല്ല.

ശ്രീ. ഇ. അഹമ്മദ്: ഈ നാട്ടിൽ നികുതിഭാരം കൊണ്ട് കഷ്ടതയനുഭവിക്കുന്ന ബഹുജനങ്ങൾക്ക് ഉള്ള വിഷമത പരിഹരിക്കാനായി അവശ ജനവിഭാഗങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകി എന്ന് പെരുമ്പറയടിക്കുന്ന ഈ ഗവൺമെൻറ് നികുതി ഇളവുചെയ്തുകൊടുത്തെങ്കിലും ബസ് ചാർജ് വർദ്ധന വഴിവാക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കൂടുതൽ ദുർബലവിഭാഗങ്ങൾക്ക് ഇവിടത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആനുകൂല്യങ്ങളും, സൗജന്യങ്ങളും ഇപ്പോഴത്തന്നെ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അതിൽ കൂടുതൽ നൽകാൻ ബുദ്ധിമുട്ടാണ്.

ശ്രീ. ഇ. അഹമ്മദ്: ഞാൻ ചോദിച്ചത് അതല്ല. സാമൂഹ്യപ്രവർത്തന രംഗത്ത് കൂടുതൽ ആനുകൂല്യങ്ങളും നൽകിയെന്ന് പെരുമ്പറയടിക്കുന്ന ഈ ഗവൺമെന്റ് ജനങ്ങൾക്ക് ബസ്ചാർജ് വർദ്ധനവിൽക്കൂടിയുണ്ടാകുന്ന അധികച്ചെലവ് ഒഴിവാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഇപ്പോഴത്തന്നെ മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച് ഇവിടെ ബസ് ചാർജ് വളരെ കുറവാണ്.

ശ്രീ. ഇ. അഹമ്മദ്: മറ്റ് സ്റ്റേറ്റുകളിലുള്ള ജനങ്ങൾക്കുള്ള ക്ലേശത്തെക്കാൾ കൂടുതൽ ക്ലേശം ഈ സ്റ്റേറ്റിലെ ജനങ്ങൾക്ക് ഉണ്ടെന്നുള്ളതു പരിഗണിച്ചും മറ്റ് സ്റ്റേറ്റുകളിലെ ജനങ്ങൾക്കുള്ള പ്രതിശീർഷ വരുമാനം ഈ സ്റ്റേറ്റിലെ ആളകൾക്ക് ഇല്ലെന്നുള്ളത് പരിഗണിച്ചും മറ്റ് സ്റ്റേറ്റുകളിലെ വിഭവങ്ങൾ ഈ സ്റ്റേറ്റിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നുള്ളത് പരിഗണിച്ചും ഈ ബസ്ചാർജ് വർദ്ധനവ് ഒഴിവാക്കാൻ ശ്രമിക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഇവിടെ ചാർജ് വർദ്ധിപ്പിക്കണമോ, വേണ്ടയോ, വേണമെങ്കിൽ എത്രയാണ് എന്നുള്ളതിനെക്കുറിച്ചൊക്കെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. ഹംസ: കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നടത്തുന്നത് വരുമാനം ഉദ്ദേശിച്ചാണോ അതോ ജനങ്ങളുടെ സൗകര്യം ഉദ്ദേശിച്ചാണോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: രണ്ടും ഉദ്ദേശിച്ചാണ്.

ശ്രീ. എ. പി. ഹംസ: ഇന്നത്തെ നഷ്ടം കണക്കിലെടുത്തുകൊണ്ട് ഓടുന്ന ദൂരത്തിന് സബ്സിഡി കൊടുത്തുകൊണ്ടെങ്കിലും ബസ്ചാർജ് വർദ്ധനവ് ഒഴിവാക്കാൻ ശ്രമിക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: തീരുമാനമെടുത്തിട്ടില്ല, ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു ഞാൻ പറഞ്ഞു.

ശ്രീ. ഇ. രമേശൻ നായർ: രാഷ്ട്രീയ പ്രബുദ്ധരും സംസ്കാരസമ്പന്നരുമായ കേരളത്തിലെ ജനങ്ങൾ ഇവിടത്തെ എന്തെങ്കിലും കാര്യം പറയുമ്പോൾ മറ്റു സംസ്ഥാനങ്ങളിലെ കാര്യം പറഞ്ഞുകൊണ്ട് അതിനെ സാധൂകരിക്കാൻ ശ്രമിക്കുന്നത് വിവരക്കേടല്ലേ.

(ഉത്തരം പറഞ്ഞില്ല)

ശ്രീ. കെ. ശങ്കരനാരായണൻ: കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന് മന്ത്രി പറഞ്ഞു. പരിഗണനയിലുള്ള റിപ്പോർട്ട് മന്ത്രിമാരും ഗവൺമെന്റും എങ്ങനെയായാലും കണ്ടിട്ടുണ്ടാകും. പരിഗണനയിലുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മന്ത്രി സ്വകാര്യ ബസ് ഉടമകളോട് പറഞ്ഞവിധത്തിൽത്തന്നെയാണോ ഈ ബസ് ചാർജ് വർദ്ധിപ്പിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്വകാര്യ ബസ് ഉടമകളോട് ഒന്നും പറഞ്ഞിട്ടില്ല. ചാർജ് കൂട്ടുകയാണെങ്കിൽ സ്വകാര്യ ബസുകൾക്കും കെ. എസ്. ആർ. ടി. സി. ക്കും ഒന്നിച്ചു കൂട്ടും. കുറയ്ക്കുകയാണെങ്കിൽ രണ്ടിനും ഒന്നിച്ചു കുറയ്ക്കും.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: റിപ്പോർട്ട് ഗവൺമെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. പഠിച്ച കാര്യങ്ങൾ വച്ചുകൊണ്ട് എന്തൊക്കെയാണ് പഠിച്ചതെന്നു പറയാമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: തീരുമാനം എടുത്തതിനു ശേഷം പറയാം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സ്വകാര്യ ബസുകൾ കൂടുതൽ ലാഭകരമായി നടത്തുന്നതിനുവേണ്ടി പശ്ചിമ ബംഗാളിലെ ഇടതുപക്ഷ മുന്നണി ഗവൺമെൻറ് ചെയ്തതുമാതിരി പെട്രോളിനും, ഡീസലിനും സെയിൽസ് ടാക്സ് ഒഴിവാക്കിക്കൊടുക്കാൻ ഇവിടെയും ആലോചിക്കുന്നുണ്ടോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: അവിടെ വർഷംതോറും 17 കോടി രൂപ കോർപ്പറേഷന് സബ്സിഡി കൊടുക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സ്വകാര്യ ബസുകൾക്ക് പശ്ചിമ ബംഗാളിൽ ചെയ്തതുപോലെ ഇവിടെയും സെയിൽസ് ടാക്സ് ഒഴിവാക്കിക്കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്വകാര്യ ബസുകൾക്ക് അവിടെ ടാക്സും കുറവാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: മറ്റു പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കെ. എസ്. ആർ. ടി. സി. യിൽ മിനിമം ചാർജ് കൂടുതലാണെന്നുള്ളത് മനസ്സിലാക്കി അതു വർദ്ധിപ്പിക്കാതിരിക്കാൻ തയ്യാറാകുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സ്റ്റേറ്റുകളിൽ ഇവിടെത്തെക്കാൾ കൂടുതലാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: മറ്റു പല സംസ്ഥാനങ്ങളും എന്നു പറഞ്ഞതിൽ പടിഞ്ഞാറൻ ബംഗാളും ഉൾപ്പെടും.

ശ്രീ. ലോനപ്പൻ നമ്പാടൻ: പശ്ചിമബംഗാളിന്റെ മാതൃക അതുപോലെ പല കാര്യങ്ങളിലും അംഗീകരിക്കാൻ തയ്യാറല്ല. പശ്ചിമബംഗാൾ കേരളത്തെയാണ് പല കാര്യങ്ങളിലും മാതൃകയായി സ്വീകരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശ്രീധരൻ: കോൺഗ്രസ് (ഐ)യും, ജനതാ പാർട്ടിയും പശ്ചിമബംഗാളിലെ ഇടതുപക്ഷ ഗവൺമെന്റിൽ അഭിമാനംകൊള്ളുന്ന ഈ പരിതഃസ്ഥിതിയിൽ ഇക്കാര്യം ഗവൺമെന്റിനു പരിഗണിച്ചുകൂടെ?

ശ്രീ. ലോനപ്പൻ നമ്പാടൻ: കോൺഗ്രസ് (ഐ)യും ജനതാപാർട്ടിയും കേരളത്തിൽ ജനക്ഷേമകരമായി പ്രവർത്തിക്കുന്ന നമ്മുടെ ട്രാൻസ്പോർട്ട് കോർപ്പറേഷനെ വളരെയേറെ അഭിനന്ദിക്കേണ്ടതാണ്.

ശ്രീ. ഇ. കെ. പിള്ള: പരിഗണിക്കുകയും പഠിക്കുകയും ചെയ്യുമ്പോഴും മിനിമം ചാർജ് വർദ്ധിപ്പിക്കുകയില്ല എന്ന തീരുമാനം എടുക്കുന്നതിന് ശ്രദ്ധിക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: തീരുമാനമെടുക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട മെമ്പറുടെ ഈ നിർദ്ദേശവും പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: ബസ്ചാർജ് വർദ്ധനവിനെക്കുറിച്ച് അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിലോമീറ്ററിന് എത്ര പൈസ വർദ്ധിപ്പിക്കണമെന്നാണ് ഭരണകക്ഷികളുടെ ഏകോപനസമിതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഏകോപനസമിതി അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല.

മുനിസിപ്പൽ ജീവനക്കാർക്ക് ഭവന നിർമ്മാണ പദ്ധതി

*551 [599] ശ്രീ. സി. കെ. തങ്കപ്പൻ :
,, വൈക്കം വിശ്വൻ :
,, പി. പി. എസ്തോസ് :
,, സി. ടി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ ജീവനക്കാർക്ക് ആവിഷ്കരിച്ചിരിക്കുന്ന ഭവനനിർമ്മാണ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി പഞ്ചായത്ത് ജീവനക്കാർക്കും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി) :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ ജീവനക്കാർക്ക് ഭവനനിർമ്മാണത്തിനു വായ്പാസൗകര്യം നൽകുന്നതിന് അനുയോജ്യമായ ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലുണ്ട്. എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

(ബി) പ്രസ്തുത പദ്ധതിക്ക് രൂപംകൊടുത്തശേഷം ഇതേപ്പറ്റി ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly